A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

802

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 - 17

## മലയാളം - I

## കേരളപാഠാവലി

സ്റ്റാൻഡേർഡ്: VIII

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. മാതൃകപോലെ എഴുതുക.

   മാതൃക - പാണ്ഡുവിന്റെ പുത്രന്മാർ - പാണ്ഡവർ

   ദ്രുപദന്റെ പുത്രി - .................................. (1)

2. 'ജീവന്നു നൂതനോന്മേഷം പകർന്നിടും

   ദേവഭാഷാമൃതം ചേർന്ന ഭാഷേ'

   അടിവരയിട്ട വരിയിൽ സൂചിപ്പിച്ചിരിക്കുന്ന ഭാഷ ഏതാണ്?

   - മലയാളം
   - തമിഴ്
   - ഹിന്ദി
   - സംസ്കൃതം (1)

3. വലയത്തിൽ നിന്നും ശരിയുത്തരം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

   (പ്രണയതാഴ്വരയിലെ ദേവദാരു, യൂസഫലി കേച്ചേരി, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, ഇനി ഞാൻ ഉറങ്ങട്ടെ, ജോർജ് ഓണക്കൂർ, മാണിക്യവീണ, വേദം, പി.കെ. ബാലകൃഷ്ണൻ) (4)

| പ്രമേയം | കൃതി | രചയിതാവ് |
|---|---|---|
| മാതൃത്വത്തിന്റെ മഹത്വം | - | - |
| വിശക്കുന്നവന് അപ്പമാണ് ദൈവം | | |
| ഭാഷയുടെ സൗന്ദര്യാനുഭൂതികൾ | | |
| പ്രാണൻ വെടിഞ്ഞും സ്വന്തം ആദർശങ്ങൾ കാത്തു സൂക്ഷിക്കുന്നു. | | |

4. വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ

   നന്ദിനിയായി വളർന്ന ഭാഷേ,

   വന്ദനം വന്ദനം ചിത്തം കവർന്നിടും

   ചന്ദനാമോദം കലർന്ന ഭാഷേ,

   വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക. (2)

5. - അമ്മയുടെ മനസ്സും മുഖവും പൂത്തുലഞ്ഞു (2)
   - വസന്തകാലമായപ്പോൾ പ്രകൃതി പൂത്തുലഞ്ഞു

   അടിവരയിട്ട പദങ്ങൾ വാക്യത്തിനു നൽകുന്ന അർഥവ്യത്യാസം കുറിക്കുക.

6. 'അശാന്ത നഗരത്തിൽ നിന്നു കൂടുവിട്ടുപറക്കാൻ മോഹിക്കുന്ന
പക്ഷി തേടിയെത്തുന്ന നീലാകാശം' - *(ഭൂമിയുടെ സ്വപ്നം)*

ഈ വാക്യത്തിൽ 'പക്ഷി', 'നീലാകാശം' എന്നിവ നൽകുന്ന സൂചനകൾ എഴുതുക. (2)

7. എന്റെ ജീവിതമാണ് എന്റെ സന്ദേശം - *(ഗാന്ധിജി)*

"ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ" - *(വള്ളത്തോൾ)*

ഗാന്ധിജിയുടെ സന്ദേശവും വള്ളത്തോളിന്റെ നിരീക്ഷണവും താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. (4)

8. 'അപരാജിതയായ അമ്മയുടെ മകന് നക്ഷത്രപഥങ്ങൾ സ്വപ്നം'

'അപരാജിതയായ അമ്മ' എന്ന വിശേഷണം 'ഭൂമിയുടെ സ്വപ്നം' എന്ന പാഠഭാഗത്തിലെ അമ്മയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക. (4)

9. "കേരളത്തുമൊഴിയെന്നു കേട്ടാൽമതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം.
ഓജസ്സിൻ കാതലേ, നിന്നെയോർക്കുമ്പൊഴേ-
ക്കോരോ ഹൃദയവുമോടിയോടം." - *(മാണിക്യവീണ)*

മലയാളഭാഷ കവിയിൽ ഉണർത്തുന്ന അനുഭൂതികൾ കണ്ടെത്തി കുറിപ്പു തയാറാക്കുക. (4)

10. "ഇത്രയും ചൊല്ലിപ്പിരിഞ്ഞുപോയുമ്മ, എ-
ന്നുൾത്തട്ടിൽ കാപട്യം വെന്തെരിഞ്ഞു." - *(വേദം)*

കാപട്യം വിട്ടൊഴിഞ്ഞ കുട്ടിയുടെ ചിന്തയോടും പ്രവൃത്തിയോടുമുള്ള നിങ്ങളുടെ പ്രതികരണം വിശദീകരിച്ച് കുറിപ്പെഴുതുക. (4)

11. "ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല"
"ബന്ധം കൊണ്ടും ലോഭം കൊണ്ടും ഭയം കൊണ്ടും യാതൊന്നുകൊണ്ടും ഈ മാർഗത്തിൽ നിന്ന് കർണന് ഇനി പിൻമാറ്റമില്ല." - *(ധർമ്മിഷ്ഠനായ രാധേയൻ)*

തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തിലെ മറ്റുസന്ദർഭങ്ങളും പരിഗണിച്ച് കർണൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (6)

**അല്ലെങ്കിൽ**

"പെരുന്തച്ചന്റെ ആത്മസംഘർഷവും നഷ്ടബോധവും പുത്രസ്നേഹവും മരങ്ങളോടുള്ള ഇഷ്ടവും തൊഴിൽ ചെയ്യാനുള്ള വെമ്പലും വൈകാരിക തീവ്രതയോടെ അനാവരണം ചെയ്യാൻ 'പെരുന്തച്ചൻ' എന്ന കവിതയിൽ ജി. ശങ്കരകുറുപ്പിന് കഴിഞ്ഞിട്ടുണ്ട്."

പ്രസ്താവനയുടെ സാധുത വിലയിരുത്തി ലഘൂപന്യാസം തയാറാക്കുക. (6)

12. ആശയം, പ്രയോഗ സവിശേഷതകൾ, കാലിക പ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. (6)

എത്രസുന്ദരമെത്രസുന്ദരമെന്റെ മലയാളം
മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽപോലെ
മണ്ണിൽ വീണുകുരുത്ത നെന്മണി-
വിത്തുമുളപൊട്ടി
മിന്നുമീരില വീശിടും പോ-
ലെത്രയീരടികൾ

മണ്ണിൽ വേർപ്പു വിതച്ചവർത-
ന്നീണമായ് വന്നു
അന്നുപാടിയ പാട്ടിലുഞ്ഞാ-
ലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പോയ്
കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരുവളർത്തിയ
കിളിമകൾ പാടി.
ദേവദൈത്യ മനുഷ്യവർഗ്ഗ
മഹാചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി
വളർന്നു മലയാളം!
എത്രസുന്ദരമെത്രസുന്ദരമെന്റെ മലയാളം
മുത്തുപവിഴങ്ങൾ കൊരുത്തൊരു സ്വർണ്ണമാലികപോൽ

*മലയാളം - ഒ.എൻ.വി. കുറുപ്പ്*

| | | |
|---|---|---|
| ദൈത്യൻ | - | അസുരൻ |
| മാലിക | - | മാല |
| മിന്നുമീരില | - | മിന്നുന്ന രണ്ടിലകൾ |